# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## മാർപ്പാപ്പായ്ക്ക് സ്വന്തമായി വിമാനമുണ്ടോ?



വത്തിക്കാൻ: ഫ്രാൻസിസ് പാപ്പായേയും വഹിച്ചുകൊണ്ടുള്ള വിമാനം ഇതാ എത്താ റായി. എത്തിക്കഴിഞ്ഞു.എന്നൊക്കെ റിപ്പോർട്ട് ചെയ്യാൻ അമേരിക്കൻ മാധ്യ മങ്ങൾ കാത്തിരിക്കുകയായിരുന്നു. ഇടയന്റെ വിമാനം എന്ന ഓമനപ്പേരിലറിയപ്പെടുന്ന വിമാനം സെപ്റ്റംബർ 22 നാണ് വാഷിംങ്ടണിൽ എത്തിയത്. എന്നാൽ ഫ്രാൻസിസ് പാപ്പായ്ക്ക് സ്വന്തമായി വിമാനമുണ്ടോ? ഇടയന്റെ വിമാനത്തെക്കുറിച്ചുള്ള ചില അറി യാക്കഥകളിലേക്ക്.

സത്യത്തിൽ ഇടയന്റെ വിമാനം എന്ന പ്രയോഗം തന്നെ മാധ്യമസൃഷ്ടിയാണ്. ഇറ്റാലി യൻ നിർമ്മിത അലിറ്റാലിയ അ4000 എന്ന വിമാനത്തിലാണ് ഫ്രാൻസിസ് പാപ്പ സാധാര ണയായി വിദേശയാത്രകൾ നടത്തുന്നത്. ഇത് പാപ്പായ്ക്ക് സ്വന്തമായുള്ള വിമാനമല്ല.

ചിലരുടെ ധാരണ മാർപ്പാപ്പ സഞ്ചരിക്കുന്ന വിമാനം അത്യാധുനിക സുഖ സൗക ര്യങ്ങളോടു കൂടിതാണെന്നാണ്. എന്നാൽ ആദ്യത്തെ റോയിൽ ഇരിക്കാം എന്നതിൽ കവിഞ്ഞ് സാധാരണ വിമാനങ്ങളുടേതിൽ നിന്നും വ്യത്യസ്തമായി മറ്റൊരു സുഖസൗക ര്യങ്ങളും മാർപ്പാപ്പ യാത്രചെയ്യുന്ന വിമാനത്തിനില്ല.

മിക്കവാറും 30 ആളുകളാണ് ഫ്രാൻസിസ് പാപ്പാ യാത്ര ചെയ്യുന്ന വിമാനത്തിൽ അദ്ദേഹത്തോടൊപ്പമുണ്ടാകുക. ഇതുകൂടാതെ 70 മാധ്യമപ്രവർത്തകർക്ക് വിമാനത്തി ലു ള്ളിൽ മാർപ്പാപ്പയുമായി സംവദിക്കുന്നതിനുള്ള അവസരമുണ്ടാകും. ഇവർ വത്തിക്കാ നിൽനിന്നു യാത്ര പുറപ്പെട്ട് വാഷിംങ്ടണിൽ എത്തുന്നതുവരെ വിമാനത്തിനുള്ളിലു ണ്ടാകും.

പോൾ ആറാമനാണ് വിദേശ പര്യടനത്തിനായി ആദ്യമായി വിമാനത്തിൽ യാത്ര ചെയ്യു മാർപ്പാപ്പ. 1964 ൽ ഇസ്രായേൽ - ജോർദ്ദാൻ സന്ദർശനവേളയിലായിരുന്നു ഇത്.